## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1472 — 11.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകളും നാവിക്, ജി.പി.എസ്. ഉപകരണങ്ങളും ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ) | പ്രഖ്യാപിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം ചെയ്തത്; | (ബി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിരുന്നു. ആയതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും Unicare Emergency Equipment (Pvt) Ltd, Bharat Traders, Mumbai എന്നീ കമ്പനികൾ മുഖേന ആദ്യഘട്ടമായി 30000 എണ്ണം ലൈഫ് ജാക്കറ്റുകൾ 9 തീരദേശ ജില്ലകൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരികയാണ്. കൂടാതെ 'കടൽ സുരക്ഷാ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും ' എന്നീ പദ്ധതികൾ മുഖേന 1132 ലൈഫ് ബോയെകളും 566 ജി.പി.എസ് കളും എല്ലാ മറൈൻ ജില്ലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 15000 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 15.93 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ടി സാങ്കേതിക വിദ്യ ഐ.എസ്.ആർ.ഒ.യിൽ നിന്നും കെൽട്രോൺ-ന് കൈമാറുകയും, കെൽട്രോണുമായി ആദ്യഘട്ടമെന്ന നിലയിൽ 5000 നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിന് കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് കെൽട്രോൺ ടി |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ സപ്ലൈ ചെയ്ത് തുടങ്ങുകയും മത്സ്യത്തൊഴിലാളികൾക്ക് 2019 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്ത് വരികയുമാണ്. മത്സ്യത്തൊഴിലാളികൾക്ക് 1000 സാറ്റ് ലൈറ്റ് ഫോൺ വിതരണം ചെയ്യുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. BSNL-മായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലകളിൽ സാറ്റ് ലൈറ്റ് ഫോൺ വിതരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് ജാക്കറ്റിന്റെ ഉപഭോക്തൃവിഹിതമായി മത്സ്യത്തൊഴിലാളികളിൽ നിന്നും എന്തെങ്കിലും തുക ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് തുക എന്ന് വ്യക്തമാക്കുമോ? | (സി) | ലൈഫ് ജാക്കറ്റിന്റെ ഉപഭോക്തൃ വിഹിതമായി ഒരു ലൈഫ് ജാക്കറ്റിന് 250/- രൂപ വീതം മത്സ്യത്തൊഴിലാളികളിൽ നിന്നും തുക ഈടാക്കിയിരുന്നു. |

**സെക്ഷൻ ഓഫീസർ**